POLICE DEPARTMENT

KERALA

**No. C2-112289/2026/PHQ**
Police Headquarters,
Thiruvananthapuram
Vazhuthacaud
Pincode:695010
phq.pol@kerala.gov.in
04712721547
Dated. 04-07-2026

**Notification for Inviting Applications from Schools for the Establishment of Self-Financing Student Police Cadet (SPC) Units**

The Police Department, on behalf of Government of Kerala, invites applications from Government, Government-Aided, Private Aided and Un-aided High Schools and Higher Secondary Schools interested in implementing the Student Police Cadet (SPC) Project as Self-Financing Units.

The prescribed application form is available on the official website of Kerala Police: **www.keralapolice.gov.in**

The duly completed application, signed by the Head of the Institution, may be submitted through e-mail to the SPC Directorate at "**spcprogramme.pol@kerala.gov.in" on or before 5.00 PM on 10 July 2026.**

In addition, the original application, along with all supporting documents, shall be submitted to the District Nodal Officer of the Student Police Cadet Project concerned. The duly completed Annexures I, II, III and VI are to be attached to the application.

Further, Annexure IV, along with a copy of the duly filled application form, shall be submitted to the jurisdictional Police Station concerned.

All the above formalities relating to the submission of applications shall be completed on or **before 5.00 PM on 10 July 2026.** Applications received after the prescribed deadline or applications that are incomplete in any respect will be summarily rejected and will not be considered for selection.

**Eligibility Criteria, Terms and Conditions**

1. The School intending to initiate the Student Police Cadet (SPC) Project shall have a minimum strength of 100 students in Class VIII or Class XI and an actively

functioning Parent-Teacher Association (PTA).

2. The school should nominate two permanent teachers as Community Police Officer (CPO) and Additional Community Police Officer (ACPO) respectively for leading and coordinating the project, two High School teachers in the case of High Schools and two Higher Secondary School teachers in the case of Higher Secondary Schools. The nominated teachers shall be below 50 years of age, physically and mentally fit, healthy, alert, active, possess a child-friendly attitude, and be willing to participate in SPC training programmes and related activities. In Schools having girl students, at least one of the nominated teachers, either the CPO or ACPO, should be a female teacher. The nominated teachers shall undertake to implement the SPC curriculum and activities in accordance with the guidelines issued by the SPC Directorate from time to time.

3. The School should nominate two retired Police personnel to serve as Drill Instructors for the Student Police Cadet (SPC) Project. The nominated instructors shall be below 65 years of age, physically and medically fit, and capable of effectively imparting parade, drill, discipline, and outdoor training to the cadets in accordance with the guidelines of the SPC Directorate. In Schools having girl students, at least one of the nominated Drill Instructors should be a woman.

4. Playground for physical activities, room for setting up SPC office and a separate & safe room for cadets for changing SPC uniforms and PT dress are other mandatory requirements.

5. The Schools selected pursuant to this notification shall be considered only for the establishment of Self-Financing Student Police Cadet (SPC) Units. The selected school shall open a joint current account in a nationalised bank for the operation and management of SPC funds. The account shall be jointly held by the Head of the Institution, the Headmaster in the case of a High School or the Principal in the case of a Higher Secondary School, and the Station House Officer (SHO) of the police station having jurisdiction over the area in which the school is situated. The Head of the Institution shall be the first account holder, and the Station House Officer shall be the second account holder.

6. An amount of ₹5,00,000/- (Rupees Five Lakh only) shall be deposited into the joint current account opened exclusively for the Student Police Cadet (SPC) Project on or before 10th May of every year to ensure the continuation and effective implementation of the SPC Project during the ensuing academic year commencing in June. Failure to remit the prescribed amount within the stipulated time may result in the discontinuation of the SPC Unit or such action as may be decided by the SPC Directorate.

7. The Student Police Cadet (SPC) Units established pursuant to this notification as Self-Financing Student Police Cadet (SPC) Units shall not be eligible for any financial assistance, grant, or funding from the Government, either under the SPC Project or under any other scheme, unless otherwise specifically ordered by the Government. The institutions concerned shall have no right, claim, or entitlement,

either present or future, to seek or demand Government funding, reimbursement, or financial support for the functioning of such Self-Financing SPC Units under any circumstances.

8. The Applications submitted with faulty claims and declarations would not be considered for the SPC Project in any case.

9. The applications submitted by Schools will be reviewed and scrutinised by the Station House Officers (SHOs) of the concerned Police Stations and District Nodal Officers (DNOs) of the SPC program.

**Schools that have already submitted applications for the initiation of the Student Police Cadet (SPC) project must be required to resubmit their applications for consideration under the scheme for the establishment of Self-Financing Student Police Cadet (SPC) Units. Previous applications submitted for regular SPC Units should not be considered under this Notification unless resubmitted in the prescribed manner.**

For further details, please contact 0471 2432655 or 9497980083.

Ravada Azad Chandra Sekhar IPS
State Police Chief

**No. C2-112289/2026/PHQ(1)**
Police Headquarters,
Thiruvananthapuram
Vazhuthacaud
Pincode:695010
✉phq.pol@kerala.gov.in
📞04712721547
Dated. 04-07-2026

**സ്കൂളുകളിൽ സ്വയാശ്രയ സ്റ്റുഡന്റ് പോലീസ് കേഡറ്റ് (SPC) യൂണിറ്റുകൾ ആരംഭിക്കുന്നതിനുള്ള അപേക്ഷകൾ ക്ഷണിച്ച് കൊണ്ടുള്ള വിജ്ഞാപനം**

കേരള സർക്കാരിനായി കേരള പോലീസ് വകുപ്പ്, സർക്കാർ, സർക്കാർ എയ്ഡഡ്, സ്വകാര്യ എയ്ഡഡ്, സ്വകാര്യ അൺഎയ്ഡഡ് ഹൈസ്കൂളുകൾ, ഹയർ സെക്കൻഡറി സ്കൂളുകൾ എന്നിവയിൽ സ്വയാശ്രയ (Self-Financing) സ്റ്റുഡന്റ് പോലീസ് കേഡറ്റ് (SPC) യൂണിറ്റുകൾ ആരംഭിക്കുന്നതിന് താൽപര്യമുള്ള വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ നിന്ന് അപേക്ഷകൾ ക്ഷണിക്കുന്നു.

നിശ്ചിത അപേക്ഷാഫോം കേരള പോലീസിന്റെ ഔദ്യോഗിക വെബ്സൈറ്റായ www.keralapolice.gov.in ൽ ലഭ്യമാണ്.

സ്ഥാപന മേധാവി ഒപ്പുവെച്ച പൂരിപ്പിച്ച അപേക്ഷ spcprogramme.pol@kerala.gov.in എന്ന ഇ-മെയിൽ വിലാസത്തിലേക്ക് 2026 **ജൂലൈ 10 തീയതി വൈകുന്നേരം 5.00 മണിക്ക് മുമ്പായി അയയ്ക്കേണ്ടതാണ്.**

കൂടാതെ, പൂരിപ്പിച്ച അപേക്ഷയുടെ ഒറിജിനൽ പകർപ്പും അനുബന്ധ രേഖകളും ബന്ധപ്പെട്ട ജില്ലയിലെ സ്റ്റുഡന്റ് പോലീസ് കേഡറ്റ് (SPC) ജില്ലാ നോഡൽ ഓഫീസിൽ സമർപ്പിക്കണം. അപേക്ഷയോടൊപ്പം അനുബന്ധം I, II, III, VI എന്നിവ നിർബന്ധമായും ചേർക്കേണ്ടതാണ്.

അതോടൊപ്പം, അനുബന്ധം IV-വും പൂരിപ്പിച്ച അപേക്ഷയുടെ ഒരു പകർപ്പും ബന്ധപ്പെട്ട പോലീസ് സ്റ്റേഷനിൽ സമർപ്പിക്കേണ്ടതാണ്.

**അപേക്ഷ സമർപ്പിക്കുന്നതിനുള്ള മേൽപ്പറഞ്ഞ എല്ലാ നടപടിക്രമങ്ങളും 2026 ജൂലൈ 10 തീയതി വൈകുന്നേരം 5.00 മണിക്ക് മുമ്പായി പൂർത്തിയാക്കിയിരിക്കണം. നിശ്ചിത സമയപരിധിക്ക് ശേഷം ലഭിക്കുന്നതോ, ഏതെങ്കിലും വിധത്തിൽ അപൂർണ്ണമായതോ ആയ അപേക്ഷകൾ യാതൊരു കാരണവശാലും പരിഗണിക്കാതെ നിരസിക്കുന്നതാണ്.**

**യോഗ്യതാ മാനദണ്ഡങ്ങൾ, നിബന്ധനകൾ, വ്യവസ്ഥകൾ**

1. സ്റ്റുഡന്റ് പോലീസ് കേഡറ്റ് (SPC) പദ്ധതി ആരംഭിക്കാൻ ഉദ്ദേശിക്കുന്ന സ്കൂളിൽ എട്ടാം

ക്ലാസിലോ പതിനൊന്നാം ക്ലാസിലോ കുറഞ്ഞത് 100 വിദ്യാർത്ഥികൾ ഉണ്ടായിരിക്കണം. കൂടാതെ, സജീവമായി പ്രവർത്തിക്കുന്ന ഒരു പി.ടി.എ. (Parent-Teacher Association) ഉണ്ടായിരിക്കണം.

2. പദ്ധതിയുടെ നടത്തിപ്പിനും ഏകോപനത്തിനുമായി സ്കൂൾ രണ്ട് സ്ഥിരം അധ്യാപകരെ കമ്മ്യൂണിറ്റി പോലീസ് ഓഫീസർ (CPO), അഡീഷണൽ കമ്മ്യൂണിറ്റി പോലീസ് ഓഫീസർ (ACPO) എന്നിവരായി നാമനിർദ്ദേശം ചെയ്യണം. ഹൈസ്കൂളുകളിൽ ഹൈസ്കൂൾ വിഭാഗത്തിലെ രണ്ട് അധ്യാപകരെയും ഹയർ സെക്കൻഡറി സ്കൂളുകളിൽ ഹയർ സെക്കൻഡറി വിഭാഗത്തിലെ രണ്ട് അധ്യാപകരെയും നാമനിർദ്ദേശം ചെയ്യണം. നാമനിർദ്ദേശം ചെയ്യുന്ന അധ്യാപകർ 50 വയസ്സിൽ താഴെ പ്രായമുള്ളവരും, ശാരീരികമായും മാനസികമായും ആരോഗ്യമുള്ളവരും, കുട്ടികളോട് സൗഹൃദപരമായ സമീപനമുള്ളവരും, SPC പരിശീലനങ്ങളിലും അനുബന്ധ പ്രവർത്തനങ്ങളിലും പങ്കെടുക്കാൻ സന്നദ്ധരുമായിരിക്കണം. പെൺകുട്ടികൾ പഠിക്കുന്ന സ്കൂളുകളിൽ CPO അല്ലെങ്കിൽ ACPO എന്നിവരിൽ കുറഞ്ഞത് ഒരാൾ വനിതാ അധ്യാപികയായിരിക്കണം. SPC ഡയറക്ടറേറ്റ് കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന മാർഗനിർദേശങ്ങൾ അനുസരിച്ച് SPC പാഠ്യപദ്ധതിയും പ്രവർത്തനങ്ങളും നടപ്പിലാക്കുമെന്ന് നാമനിർദ്ദേശം ചെയ്യുന്ന അധ്യാപകർ ഉറപ്പുനൽകണം.

3. സ്റ്റുഡന്റ് പോലീസ് കേഡറ്റ് (SPC) പദ്ധതിക്കായി രണ്ട് വിരമിച്ച പോലീസ് ഉദ്യോഗസ്ഥരെ ഡ്രിൽ ഇൻസ്ട്രക്ടർമാരായി നാമനിർദ്ദേശം ചെയ്യണം. അവർ 65 വയസ്സിൽ താഴെ പ്രായമുള്ളവരും, ശാരീരികമായും വൈദ്യശാസ്ത്രപരമായും ആരോഗ്യമുള്ളവരും, SPC ഡയറക്ടറേറ്റിന്റെ മാർഗനിർദേശങ്ങൾ അനുസരിച്ച് പരേഡ്, ഡ്രിൽ, അച്ചടക്കം, ഔട്ട്ഡോർ പരിശീലനം എന്നിവ നൽകാൻ പ്രാപ്തരുമായിരിക്കണം. പെൺകുട്ടികൾ പഠിക്കുന്ന സ്കൂളുകളിൽ നാമനിർദ്ദേശം ചെയ്യുന്ന ഡ്രിൽ ഇൻസ്ട്രക്ടർമാരിൽ ഒരാൾ വനിത ആയിരിക്കണം.

4. ശാരീരിക പരിശീലനങ്ങൾക്കായി കളിസ്ഥലം, SPC ഓഫീസ് സ്ഥാപിക്കുന്നതിനുള്ള മുറി, കൂടാതെ SPC യൂണിഫോമും പി.ടി. വസ്ത്രവും മാറുന്നതിനായി വിദ്യാർത്ഥികൾക്ക് പ്രത്യേകവും സുരക്ഷിതവുമായ മുറി എന്നിവ നിർബന്ധമായും ഉണ്ടായിരിക്കണം.

5. ഈ വിജ്ഞാപനപ്രകാരം തിരഞ്ഞെടുക്കപ്പെടുന്ന സ്കൂളുകൾ സ്വയാശ്രയ സ്റ്റുഡന്റ് പോലീസ് കേഡറ്റ് (SPC) യൂണിറ്റുകൾ ആരംഭിക്കുന്നതിനായി മാത്രമേ പരിഗണിക്കുകയുള്ളൂ. തിരഞ്ഞെടുക്കപ്പെടുന്ന സ്കൂൾ SPC ഫണ്ടിന്റെ നടത്തിപ്പിനായി ഒരു ദേശസാൽകൃത ബാങ്കിൽ സംയുക്ത കറന്റ് അക്കൗണ്ട് ആരംഭിക്കണം. ഹൈസ്കൂളുകളുടെ കാര്യത്തിൽ ഹെഡ്മാസ്റ്ററും ഹയർ സെക്കൻഡറി സ്കൂളുകളുടെ കാര്യത്തിൽ പ്രിൻസിപ്പലുമായ സ്ഥാപനമേധാവിയും, ബന്ധപ്പെട്ട പോലീസ് സ്റ്റേഷനിലെ സ്റ്റേഷൻ ഹൗസ് ഓഫീസറും (SHO) സംയുക്ത അക്കൗണ്ട് ഉടമകളായിരിക്കണം. സ്ഥാപനമേധാവി ഒന്നാം അക്കൗണ്ട് ഉടമയും സ്റ്റേഷൻ ഹൗസ് ഓഫീസർ രണ്ടാം അക്കൗണ്ട് ഉടമയുമായിരിക്കും.

6. തുടർന്നുള്ള അധ്യയന വർഷത്തിൽ SPC പദ്ധതി കാര്യക്ഷമമായി നടപ്പിലാക്കുന്നതിനായി, എല്ലാ വർഷവും മെയ് 10-നകം ₹5,00,000/- (അഞ്ച് ലക്ഷം രൂപ മാത്രം) SPC പദ്ധതിക്കായി തുറന്നിട്ടുള്ള സംയുക്ത കറന്റ് അക്കൗണ്ടിൽ നിക്ഷേപിക്കേണ്ടതാണ്. നിശ്ചിത സമയപരിധിക്കുള്ളിൽ തുക നിക്ഷേപിക്കുന്നതിൽ വീഴ്ച വരുത്തിയാൽ SPC യൂണിറ്റ് നിർത്തലാക്കുന്നതടക്കമുള്ള നടപടികൾ SPC ഡയറക്ടറേറ്റ് സ്വീകരിക്കുന്നതാണ്.

7. ഈ വിജ്ഞാപനപ്രകാരം ആരംഭിക്കുന്ന സ്വയാശ്രയ സ്റ്റുഡന്റ് പോലീസ് കേഡറ്റ്

(SPC) യൂണിറ്റുകൾക്ക്, സർക്കാർ പ്രത്യേകം ഉത്തരവിടുന്ന സാഹചര്യം ഒഴികെ, SPC പദ്ധതിയിലൂടെയോ മറ്റേതെങ്കിലും സർക്കാർ പദ്ധതിയിലൂടെയോ സാമ്പത്തിക സഹായം, ഗ്രാന്റ്, ധനസഹായം എന്നിവയ്ക്ക് അർഹത ഉണ്ടായിരിക്കുന്നതല്ല. ഇത്തരത്തിലുള്ള സ്വയാശ്രയ SPC യൂണിറ്റുകളുടെ പ്രവർത്തനവുമായി ബന്ധപ്പെട്ട് സർക്കാർ ധനസഹായം, റീഇംബേഴ്സ്മെന്റ്, മറ്റ് സാമ്പത്തിക ആനുകൂല്യങ്ങൾ എന്നിവ ഇപ്പോഴോ ഭാവിയിലോ ആവശ്യപ്പെടുന്നതിനുള്ള യാതൊരു അവകാശവുമോ അർഹതയോ ബന്ധപ്പെട്ട സ്ഥാപനങ്ങൾക്കുണ്ടായിരിക്കുന്നതല്ല.

8. തെറ്റായ വിവരങ്ങളോ വ്യാജ അവകാശവാദങ്ങളോ പ്രഖ്യാപനങ്ങളോ ഉൾപ്പെടുത്തി സമർപ്പിക്കുന്ന അപേക്ഷകൾ യാതൊരു സാഹചര്യത്തിലും പരിഗണിക്കുന്നതല്ല.

9. സ്കൂളുകൾ സമർപ്പിക്കുന്ന അപേക്ഷകൾ ബന്ധപ്പെട്ട പോലീസ് സ്റ്റേഷനിലെ സ്റ്റേഷൻ ഹൗസ് ഓഫീസർമാരും (SHO) ജില്ലയിലെ SPC ജില്ലാ നോഡൽ ഓഫീസർമാരും (DNO) സൂക്ഷ്മപരിശോധന നടത്തുന്നതാണ്.

**സ്റ്റുഡന്റ് പോലീസ് കേഡറ്റ് (SPC) പദ്ധതി ആരംഭിക്കുന്നതിനായി മുൻകാലങ്ങളിൽ അപേക്ഷ സമർപ്പിച്ചിട്ടുള്ള സ്കൂളുകൾ, സ്വയാശ്രയ സ്റ്റുഡന്റ് പോലീസ് കേഡറ്റ് (SPC) യൂണിറ്റുകൾ സ്ഥാപിക്കുന്നതിനുള്ള ഈ പദ്ധതിയുടെ പരിഗണനയ്ക്കായി നിർദ്ദിഷ്ട മാതൃകയിൽ വീണ്ടും അപേക്ഷ സമർപ്പിക്കേണ്ടതാണ്. സാധാരണ SPC യൂണിറ്റുകൾക്കായി മുമ്പ് സമർപ്പിച്ച അപേക്ഷകൾ ഈ വിജ്ഞാപനപ്രകാരം വീണ്ടും സമർപ്പിക്കാത്ത പക്ഷം പരിഗണിക്കുന്നതല്ല.**

കൂടുതൽ വിവരങ്ങൾക്ക് ദയവായി 0471 2432655 അല്ലെങ്കിൽ 9497980083 എന്ന നമ്പറുകളിൽ ബന്ധപ്പെടുക.

Ravada Azad Chandra Sekhar IPS
State Police Chief

STUDENT POLICE CADET PROJECT KERALA

## സ്കൂളുകളിൽ സ്വയം ധനസഹായത്തോടെ പ്രവർത്തിക്കുന്ന എസ്. പി. സി പദ്ധതി ആരംഭിക്കുന്നതിനായി സമർപ്പിക്കേണ്ട അപേക്ഷാ ഫോറം

(Application form for Establishment of Self-Financing Student Police Cadet (SPC) Units)

| | |
|---|---|
| വിദ്യാലയ വിഭാഗം<br>[School Category] | സർക്കാർ \| സർക്കാർ എയ്ഡഡ് \| അൺഎയ്ഡഡ്\| പ്രൈവറ്റ് എയ്ഡഡ്<br>[Government \| Govt. Aided\| Un-Aided\|Pvt Aided] |
| യൂണിറ്റ് വേണ്ട വിംഗ്<br>[School Wing] | ഹൈസ്കൂൾ \| ഹയർസെക്കണ്ടറി<br>[High School \| Higher Secondary] |

| | | |
|---|---|---|
| 1 | സ്കൂളിന്റെ പേര് (Name of School) | |
| | മലയാളത്തിൽ | |
| | In English (In Block Letters) | |
| 2 | സ്കൂൾ സ്ഥിതി ചെയ്യുന്ന മേഖല<br>(Location of School) | തീരപ്രദേശം \| ആദിവാസി മേഖല \| മറ്റുള്ളവ<br>Coastal Area \| Tribal Area \| Others |
| 3 | സ്കൂൾ ആരംഭിച്ച വർഷം<br>(Year of Establishment) | |
| 4 | മേൽവിലാസം (Address) | |
| | സ്ഥലം (Place) | |
| | ജില്ല (District) | |
| | പിൻകോഡ് (Pin code) | |
| | വില്ലേജ് (Village) | |
| | താലൂക്ക് (Taluk) | |

| | | |
|---|---|---|
| | മുൻസിപ്പാലിറ്റി \| കോർപ്പറേഷൻ \| ഗ്രാമപഞ്ചായത്തിന്റെ പേര് (Name of Municipality \| Corporation \|Grama Panchayath) | |
| | ബ്ലോക്ക്പഞ്ചായത്ത് (Block Panchayath) (if applicable) | |
| | നിയമസഭാമണ്ഡലം (Legislative Constituency) | |
| | ലോക്സഭാമണ്ഡലം (Parliament Constituency) | |
| | വിദ്യാഭ്യാസജില്ല ( Education District ) | |
| | പോലീസ് സ്റ്റേഷൻ (Police Station) | |
| | പോലീസ് സബ് ഡിവിഷൻ (Police Sub Division) | |
| 5 | സിലബസ്സ് (Syllabus) | സ്റ്റേറ്റ് \| സി ബി എസ് ഇ<br>State \| C B S E |
| 6 | പഠന മാധ്യമം (Medium of Instruction) | മലയാളം \|ഇംഗ്ലീഷ് \| തമിഴ് \|കന്നഡ\| മറ്റുള്ളവ<br>Malayalam \| English \| Tamil \| Kannada \| Others |
| 7 | പ്രധാനാധ്യാപകന്റെ പേര് & ഫോൺ നമ്പർ (Name of the Head of Institution & Phone No) | |
| 8 | സ്കൂൾ ഫോൺ നമ്പർ (Phone Number of School) | |
| 9 | സ്കൂൾ ഇ-മെയിൽ ഐ. ഡി (E-mail ID of School) | |
| 10 | സ്കൂളിൽ നിലവിൽ ഉള്ള മറ്റ് യൂണിറ്റുകൾ (Other existing units in school) | എൻ സി സി \| എൻ എസ് എസ് \| സ്കൗട്ട്സ് & ഗൈഡ്സ് \| റെഡ് ക്രോസ്സ് \| മറ്റുള്ളവ<br><br>NCC \| NSS \| Scouts & Guides \| Red Cross \| Others |

| | | |
|---|---|---|
| 11 | സ്കൂളിലെ ആകെ വിദ്യാർത്ഥികളുടെ എണ്ണം (Total No of Students studying in all classes of School) | |
| | ആൺകുട്ടികൾ (Boys) | |
| | പെൺകുട്ടികൾ (Girls) | |
| 12 | 8-ാം ക്ലാസ്സ് \| 11-ാം ക്ലാസ്സ് വിദ്യാർത്ഥികളുടെ എണ്ണം (No of Students studying in 8th Std.\|11th Std) | |
| | ആൺകുട്ടികൾ (Boys) | |
| | പെൺകുട്ടികൾ (Girls) | |
| 13 | സ്കൂളിൽ ആകെയുള്ള അദ്ധ്യാപകരുടെ എണ്ണം (Total No. of Teaching Staffs) | |
| | അദ്ധ്യാപകൻ (Male) | |
| | അദ്ധ്യാപിക (Female) | |
| 14 | പി.റ്റി.എ. പ്രസിഡന്റിന്റെ പേര് &, ഫോൺ നമ്പർ (Name of PTA President & Phone No.) | |
| 15 | സ്കൂൾ ഗ്രൌണ്ടിൻറെ ആകെ വിസ്തീർണ്ണം (Area of School Ground) (in cents) | |
| 16 | എസ്. പി. സി പദ്ധതിയ്ക്കായി 200 സ്ക്വ.ഫീറ്റ് എങ്കിലുമുള്ള പ്രത്യേക മുറി അനുവദിച്ചിട്ടുണ്ടോ? ഉണ്ടെങ്കിൽ അതിന്റെ വിവരങ്ങൾ (Whether a room with an area of at least 200 sq. feet can be earmarked for SPC? If so, details) | |
| 17 | എസ്.പി.സി കേഡറ്റുകൾക്ക് വസ്ത്രം മാറുന്നതിനും മറ്റുമായി രണ്ട് പ്രത്യേകം മുറി ലഭ്യമാക്കിയിട്ടുണ്ടോ? ഉണ്ടെങ്കിൽ വിവരങ്ങൾ. (Whether two Rooms can be earmarked as a separate Dress Changing Room for SPC Cadets? If so Details.) | |

| | | | | | | | |
|---|---|---|---|---|---|---|---|
| 18 | എസ്.പി.സി പദ്ധതിയിലേയ്ക്കായി നിയോഗിക്കുന്ന സ്ഥിരാദ്ധ്യാപകരുടെ വിവരങ്ങൾ<br>(Details of Permanent Teachers to be deputed for SPC Project) | | | | | | |
| | | Name<br>(പേര്) | Age (Below 50 Yrs) | M/F | തസ്തിക<br>(Designation)<br>(HST \| HSST) | വിഷയം<br>(Subject) | ഫോൺ നമ്പർ<br>(Phone No.) |
| | 1 | | | | | | |
| | 2 | | | | | | |
| 19 | എസ്.പി.സി പദ്ധതിയിലേയ്ക്കായി നിയോഗിക്കുന്ന ഡ്രിൽ ഇൻസ്ട്രക്ടർമാരുടെ (റിട്ടയേർഡ് പോലീസ് ഉദ്യോഗസ്ഥർ) വിവരങ്ങൾ<br>(Details of Drill Instructors (Rtd Police Officers) to be posted for SPC Project) | | | | | | |
| | | Name<br>(പേര്) | Age (Below 65 Yrs) | M/F | റിട്ടയർ ചെയ്ത തീയതി<br>(Date of Retirement) | ആധാർ നമ്പർ<br>(Adhaar No) | ഫോൺ നമ്പർ<br>(Phone No.) |
| | 1 | | | | | | |
| | 2 | | | | | | |

I certify that the information furnished above is correct to the best of my knowledge and as per the records.

Office seal

Headmaster | Principal
(Signature, Name, Date)

Annexure I

എസ്.പി.സി. പദ്ധതി അനുവദിക്കുന്നതിനെ കുറിച്ച് ഡി.ഡി. ഇ| ആർ ഡി ഡി യുടെ അഭിപ്രായം.
(Remarks of the D.D.E| RDD about the implementation of SPC Project in School) (in 100 words)
(The remarks of D.D.E | RDD will be obtained by the Head of School and sent along with the application. The remarks should be in 100 words for recommending or rejecting the application. If the D.D.E rejects the application, the application need not be sent for processing. If recommended the Annexure to be sent as an attachment along with the application.)

---

വിദ്യാഭ്യാസ ഉപഡയറക്ടർ | മേഖലാ ഡെപ്യൂട്ടി ഡയറക്ടർ
(Deputy Director of Education | Regional Deputy Director)
(ഒപ്പും സീലും)

Annexure II

പദ്ധതി സംബന്ധിച്ച് ജില്ലാ പഞ്ചായത്ത് പ്രസിഡൻറ് | മുനിസിപ്പാലിറ്റി ചെയർമാൻ | മേയർ എന്നിവരുടെ അഭിപ്രായം.
(Remarks regarding SPC Project Implementation in School by District Panchayath President | Municipal Chairman | Mayor (in maximum 150 words)
(To be sent as an attachment along with the application.)

——————————————————————————————————————————————————————
—

ജില്ലാ പഞ്ചായത്ത് പ്രസിഡൻറ് | മുനിസിപ്പാലിറ്റി ചെയർമാൻ | മേയർ
(ഒപ്പും സീലും)

**Annexure III**

സ്കൂളിലെ പ്രധാനാധ്യാപകൻ | പ്രിൻസിപ്പാൾ എന്നിവരുടെ സത്യവാങ്മൂലം
(Affidavit of the Headmaster | Principal)
(To be sent as an attachment along with the application.)

---

സ്റ്റുഡൻറ് പോലീസ് കേഡറ്റ് പദ്ധതിയുമായ ബന്ധപ്പെട്ട സർക്കാർ ഉത്തരവുകളും, സമായാസമയം സർക്കാർ പുറപ്പെടുവിക്കുന്ന നിർദേശങ്ങളും പദ്ധതിയുടെ സംസ്ഥാന ഡയറക്ടറേറ്റ് നൽകുന്ന തുടർ ഉത്തരവുകളും നിർദേശങ്ങളും കൃത്യമായും സമയബന്ധിതമായും പാലിക്കുന്നതാണ്.

പ്രധാനാധ്യാപകൻ | പ്രിൻസിപ്പാൾ
(Headmaster | Principal)
(ഒപ്പും സീലും)

## Annexure IV

Report of SHO for Selection of School in SPC Project,

1. Name of the school :
2. Govt/Aided :
3. Full Address of the school :
4. Name of the Police Station & :
   Police District :
5. Remarks :

   (At least in 150 words)

Signature of SHO
(Name, Date & Place to be mentioned)

NB : *SHO to physically verify the claims of the school about various points/aspects.
*This report to be sent by e-mail separately within 5 days of receiving the filled up copy of the Application.

<u>Annexure V</u>

Forwarding Note of District Nodal Officer (SPC, Project)
with his brief remarks

Signature of the
District Nodal Officer (SPC, Project)
(Name, Date & Place to be mentioned)

# ANNEXURE – VI

**എസ് പി സി പദ്ധതിയുടെ സ്കൂൾതല നടത്തിപ്പിന് അനിവാര്യമായ സാമ്പത്തിക ചെലവ് സ്വന്തമായി വഹിക്കുന്നത് സംബന്ധിച്ച് സ്കൂൾ അധികൃതരുടെ സത്യവാങ്മൂലം**

സ്കൂളിൽ എസ് പി സി പദ്ധതി അനുവദിക്കുകയാണെങ്കിൽ, ഓരോ അദ്ധ്യയന വർഷത്തിലേക്കുമുള്ള പദ്ധതിയുടെ സ്കൂൾ തല പ്രവർത്തനങ്ങൾക്കായുള്ള സാമ്പത്തിക ചെലവ് സ്കൂൾ മാനേജ്മെൻറ് തന്നെ വഹിക്കുന്നതാണ്. സാമ്പത്തിക ചെലവിൻറെ വിശദവിവരം ചുവടെ വിവരിക്കുന്നു.

| SL NO | ITEMS | FUND REQUIRED IN RUPEES |
|---|---|---|
| **1** | Uniform for 44 Junior Cadets<br>**[**Rs.2,000 (Uniform + PT Dress) +Rs.500 Stitching Charge**]** | 1,10,000 |
| **2** | Refreshments for 44 Junior & 44 Senior Cadets<br>[(Rs.20 x 35 Days x 88 Cadets)+(Rs.50 x 30 Days x 88 Cadets)] | 1,93,600 |
| **3** | 3 Days School Level Vacation Camps<br>[Onam & X'mas \| Rs.25,000 x 2 Nos] | 50,000 |
| **4** | Honorarium for SPC Teachers (CPO \| ACPO)<br>[Rs.750 x 2 Nos x 10 Months] | 15,000 |
| **5** | Honorarium for Retired Drill Instructors<br>[Rs.4,000 x 2 Nos x 10 Months] | 80,000 |
| **6** | Community Projects | 10,000 |
| **7** | Office Expenses | 5,600 |
| **8** | Honorarium for Indoor Class Faculties<br>[@ Max. Rs 500 for 1.5 Hour Class] | 5,000 |
| | **TOTAL** | **4,69,200** |

ഇത് കൂടാതെ എസ് പി സി ടീച്ചർമാർക്ക് 10 ദിവസത്തെയും, ഡ്രിൽ ഇൻസ്ട്രക്ടർമാർക്ക് 5 ദിവസത്തെയും അടിസ്ഥാന പരിശീലനം ലഭ്യമാക്കുന്നതിനായും മറ്റ് വർക്ക്ഷോപ്പുകൾ, ട്രയിനിംഗുകൾ എന്നിവ ലഭ്യമാക്കുന്നതിനുമായി എസ് പി സി പദ്ധതി സംസ്ഥാന തല അക്കൌണ്ടിൽ 30,800/- രൂപ നിക്ഷേപിക്കുന്നതാണ്. അപ്രകാരം ആകെ **5 ലക്ഷം രൂപാ** പ്രതിവർഷം എസ് പി സി പദ്ധതിയുടെ നടത്തിപ്പിനായി വകയിരുത്തുന്നതിന് എനിക്ക് സമ്മതമാണ്.

സ്റ്റുഡൻറ് പോലീസ് കേഡറ്റ് പദ്ധതിയുമായ ബന്ധപ്പെട്ട സർക്കാർ ഉത്തരവുകളും, വിദ്യാഭ്യാസ വകുപ്പിൻറെ നിലവിലുള്ള ഉത്തരവുകളും സർക്കുലറുകളും, യഥാസമയം സർക്കാർ പുറപ്പെടുവിക്കുന്ന നിർദേശങ്ങളും പദ്ധതിയുടെ സംസ്ഥാന ഡയറക്ടറേറ്റ് നൽകുന്ന തുടർ ഉത്തരവുകളും നിർദേശങ്ങളും കൃത്യമായും സമയബന്ധിതമായും പാലിക്കുന്നതാണ്. എല്ലാ അധ്യയന വർഷങ്ങളുടെയും തുടർച്ചയായ നടത്തിപ്പിനായി, ഓരോ വർഷവും മെയ് 10-നകം എസ്.പി.സി. പദ്ധതിക്കായി ദേശസാൽകൃത ബാങ്കിൽ ഇതിനായി നിലവിലുള്ള സംയുക്ത കറന്റ് അക്കൗണ്ടിൽ ₹5,00,000/- (അഞ്ച് ലക്ഷം രൂപ മാത്രം) നിക്ഷേപിക്കുകയും, അതിന്റെ രസീത് എസ്.പി.സി. സംസ്ഥാന ഡയറക്ടറേറ്റിൽ സമർപ്പിക്കുകയും ചെയ്യേണ്ടതാണെന്ന് എനിക്ക് വ്യക്തമായി ബോധ്യമുണ്ട്. പ്രസ്തുത തുക നിശ്ചിത സമയപരിധിക്കുള്ളിൽ നിക്ഷേപിക്കാത്ത പക്ഷം, തുടർന്ന് വരുന്ന ജൂൺ മാസത്തിൽ ആരംഭിക്കുന്ന അധ്യയന വർഷത്തിൽ എന്റെ സ്കൂളിൽ എസ്.പി.സി. പദ്ധതി നടപ്പിലാക്കുന്നതിനോ തുടരുന്നതിനോ അനുമതി ലഭിക്കുകയില്ല എന്ന കാര്യവും ഞാൻ മനസ്സിലാക്കിയിരിക്കുന്നു.

കൂടാതെ, ഈ വിജ്ഞാപനപ്രകാരം അനുവദിക്കുന്ന സ്വാശ്രയ (Self-Financing) സ്റ്റുഡന്റ് പോലീസ് കേഡറ്റ് (SPC) യൂണിറ്റുകൾക്ക് സംസ്ഥാന സർക്കാരിൽ നിന്നോ, എസ്.പി.സി. പദ്ധതിക്കായി സർക്കാർ അനുവദിക്കുന്ന ഫണ്ട് വിഹിതത്തിൽ നിന്നോ, മറ്റ് സർക്കാർ/അർദ്ധസർക്കാർ/സ്വകാര്യ സ്ഥാപനങ്ങൾ എസ്.പി.സി. പദ്ധതിക്കായി അനുവദിക്കുന്ന ധനസഹായങ്ങളിൽ നിന്നോ യാതൊരു സാമ്പത്തിക സഹായവും ലഭ്യമാകില്ല എന്ന വസ്തുത എനിക്ക് പൂർണ്ണമായി ബോധ്യമുണ്ട്.

അതുപോലെ, എന്റെ സ്കൂളിലെ എസ്.പി.സി. യൂണിറ്റിന്റെ നടത്തിപ്പിനും പ്രവർത്തനങ്ങൾക്കും ആവശ്യമായ മുഴുവൻ ചെലവുകളും സ്കൂൾ തന്നെ വഹിക്കേണ്ടതാണെന്നും, ഈ ആവശ്യത്തിനായി സർക്കാരിനോടോ എസ്.പി.സി. ഡയറക്ടറേറ്റിനോടോ മറ്റ് ഏത് സ്ഥാപനത്തോടോ ഇപ്പോഴോ ഭാവിയിലോ യാതൊരു തരത്തിലുള്ള ധനസഹായത്തിനും, ഗ്രാന്റിനും, നഷ്ടപരിഹാരത്തിനും, ഫണ്ട് വിഹിതത്തിനും അവകാശവാദം ഉന്നയിക്കുകയില്ലെന്നും, വിദ്യാർത്ഥികളിൽ നിന്നും നേരിട്ട് ഫണ്ട് പിരിവ് നടത്തുകയില്ലാ എന്നും ഞാൻ സത്യസന്ധമായി പ്രഖ്യാപിക്കുന്നു.

മുകളിൽ പരാമർശിച്ച നിബന്ധനകളും വ്യവസ്ഥകളും പൂർണ്ണമായി മനസ്സിലാക്കുകയും അംഗീകരിക്കുകയും ചെയ്തതിന്റെ അടിസ്ഥാനത്തിലാണ് എന്റെ സ്ഥാപനത്തിന് സ്വാശ്രയ എസ്.പി.സി. യൂണിറ്റ് അനുവദിക്കുന്നത് എന്ന കാര്യം എനിക്ക് ബോധ്യമുള്ളതും, അതിന് ഞാൻ പൂർണ്ണ സമ്മതം രേഖപ്പെടുത്തുന്നതുമാണ്

സ്കൂൾ മാനേജർ
(ഒപ്പും സീലും)

പിറ്റിഎ പ്രസിഡൻറ്
(ഒപ്പും സീലും)

പ്രധാനാധ്യാപകൻ | പ്രിൻസിപ്പാൾ
(ഒപ്പും സീലും)